കില
വാർത്താപത്രിക

VOLUME-9
ISSUE-11-12
NOV-DEC 2016

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org

അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കില സംഘടിപ്പിച്ച അഞ്ചാമത് രാജ്യാന്തരസമ്മേളം തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ.കെ.ടി.ജലീൽ. ഉദ്ഘാടനം ചെയ്യുന്നു

അധികാരവികേന്ദ്രീകരണം: കിലയിൽ രാജ്യാന്തരസമ്മേളനം

അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കില സംഘടിപ്പിക്കുന്ന അഞ്ചാമത് രാജ്യാന്തരസമ്മേളനം തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ.കെ.ടിജലീൽ ഉദ്ഘാനടം ചെയ്തു.അധികാരവികേന്ദ്രീകരണത്തിലൂടെ മാത്രമേ പാർശ്വവൽക്കരണത്തിനും ദാരിദ്ര്യത്തിനും പരിഹാരം കാണാനാകൂവെന്ന് ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി പറഞ്ഞു.കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നമാണ് നാം ഇപ്പോൾ നേരിടുന്ന മറ്റൊരു വെല്ലുവിളി. മുപ്പതു ലക്ഷം കുടിയേറ്റ തൊഴിലാളികൾ ഇന്നു സംസ്ഥാനത്തുണ്ട്. ലോകത്ത് ജനാധിപത്യഗവർമ്മെണ്ടുകളുടെ ഉദയത്തോടെയാണ് വികേന്ദ്രീകരണത്തെക്കുറിച്ചു ചിന്തിക്കാൻ തുടങ്ങിയത്. ഭരണമികവാണ് അധികാരവികേന്ദ്രീകരണത്തിന്റെ കാതൽ.വേദകാലത്ത് നമ്മുടെ ഗ്രാമങ്ങളിൽ പോലും വികേന്ദ്രീകൃതഭരണത്തിനു പ്രാധാന്യമുണ്ടായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്താണ് പഞ്ചായത്തുകളുടെ സ്വയംഭരണാധികാരത്തിനു പ്രഹരമേററത്. അവർ ഉദ്യോഗസ്ഥന്മാരെ അവരുടെ അധികാരികളായി പഞ്ചായത്തുകളിൽ നിയമിച്ചു. സ്വാതന്ത്ര്യപ്രാപ്തിയോടെയാണ് ഇതിനു മാറ്റമുണ്ടായത്. സ്വാതന്ത്ര്യസമരകാലത്ത് ഗാന്ധിജി ഉയർത്തിപ്പിടിച്ച ഗ്രാമസ്വരാജ് മുദ്രാവാക്യം അധികാരവികേന്ദ്രീകരണത്തിനു നാന്ദി കുറിച്ചു. പ്രധാനമന്ത്രി നെഹ്രു പ്രഖ്യാപിച്ച സോവിയറ്റ് മാതൃകയിലുള്ള പഞ്ചവത്സരപദ്ധതിയും ബൽവന്തറായ് കമ്മിറ്റിയുടെ റിപ്പോർട്ടും പഞ്ചായത്ത് രാജ് നിയമത്തിനു തുടക്കമിട്ടു.ഇരുപതുവർഷം പിന്നിട്ട നിയമത്തിന്റെ പോരായ്മകൾ പരിശോധിക്കാൻ സമയമായെന്നും മന്ത്രി പറഞ്ഞു.

അനിൽ അക്കര എം.എൽ.എ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ബംഗ്ലാദേശ് തദ്ദേശഗ്രാമവികസന -സഹകരണ വകുപ്പുമന്ത്രി ഖണ്ടേക്കർ മൊഷറഫ് ഹൊസയിൻ, ശ്രീലങ്കയിലെ തദ്ദേശഭരണവകുപ്പു സെക്രട്ടറി കമാൽ പത്മശ്രീ, ലണ്ടനിലെ കോമൺവെൽത്ത് ലോക്കൽ ഗവർമ്മെണ്ട് ഫോറം സെക്രട്ടറി ജനറൽ ഡോ.ഗ്രെഗ് മാനോർ, സിർഡാപിന്റെ ഡയറക്ടർ ജനറൽ തവിത ജി. ബി.ടി, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ, മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബെന്നി, കില ഡയറക്ടർ ഡോ.പി.പി.ബാലൻ, ഡോ. സണ്ണി ജോർജ് തുടങ്ങിയവർ സംസാരിച്ചു. സംസ്ഥാന ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദും ഉദ്ഘാടനച്ചടങ്ങിൽ സംബന്ധിച്ചിരുന്നു.ജനപ്രതിനിധികൾക്കായി കില ആരംഭിക്കുന്ന പി.ജി.ഡിപ്ലോമാ കോഴ്സിന്റെ ഉദ്ഘാടനം യൂണിസെഫ് ചെന്നൈ യൂണിറ്റിലെ ജോബ് സഖറിയാ നിർവഹിച്ചു. സമ്മേളനത്തിന്റെ ഭാഗമായുള്ള പ്രദർശനത്തിന്റെ ഉദ്ഘാടനവും മന്ത്രി ജലീലാണ് നിർവഹിച്ചത്. ഇന്ത്യക്കകത്തുനിന്നും പുറത്തുനിന്നുമായി 300 പ്രതിനിധികൾ നാലുദിവസത്തെ സമ്മേളനത്തിൽ പങ്കെടുത്തു.

ബംഗ്ലാദേശിന്റെയും യൂണിസെഫിന്റയും പുരസ്കാരം ലഭിച്ച കിലയെ അനുമോദിക്കാൻ ചേർന്ന യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീലാവിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു

പുരസ്കാരലബ്ധിയിൽ കിലയ്ക്കു അനുമോദനം

ബംഗ്ലാദേശിൽ ശിശുസൗഹൃദ പഞ്ചായത്തുകൾ രൂപപ്പെടുത്തുന്നതിനു കില നൽകിവരുന്ന സേവനങ്ങളെ മാനിച്ച് ബംഗ്ലാദേശ് ഗവർമ്മെണ്ടും അവിടത്തെ യൂണിസെഫ് ഘടകവും സംയുക്തമായി പുരസ്കാരം നൽകിയ കിലയ്ക്കു അനുമോദനം.കിലയിലെ ചൈൽഡ് റിസോഴ്സ് സെന്റർ സംഘടിപ്പിച്ച അനുമോദനയോഗത്തിൽ യൂണിസെഫ് ചെന്നൈ യൂണിറ്റിലെ ഡോ.ആർ. അഖില അദ്ധ്യക്ഷത വഹിച്ചു. ബാലാവകാശനിയമം നടപ്പാക്കുന്ന കാര്യത്തിൽ കേരളമാണ് മുന്നിൽ നിൽക്കുന്നതെന്ന് യോഗം ഉദ്ഘാടനം ചെയ്ത ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീലാവിജയകുമാർ പറഞ്ഞു.

തൃശ്ശൂരിനെ ബാലസൗഹൃദജില്ലയാക്കുന്നതിന്റെ ഭാഗമായുള്ള വിവരശേഖരണം നടന്നുവരികയാണ്. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ ഗുരുതരമാണ്. സർവേ പൂർത്തിയായാൽ മാത്രമേ അതിന്റെ വ്യാപ്തി മനസ്സിലാക്കാൻ കഴിയൂ. 86 ഗ്രാമപഞ്ചായത്തുകളിൽ 60 പഞ്ചായത്തുകൾ സർവേ പൂർത്തിയാക്കി. ശേഷിക്കുന്ന പഞ്ചായത്തുകൾ അടുത്ത മാസം അതു പൂർത്തിയാക്കും. 74 അങ്കണവാടികളുടെ നിർമ്മാണവും ജില്ലയിൽ ഉടനെ പൂർത്തിയാക്കുമെന്നു ജില്ലാപ്രസിഡന്റ് പറഞ്ഞു.

ആരോഗ്യസർവകലാശാല വൈസ് ചാൻസലർ ഡോ. എം. കെ. സി. നായർ മുഖ്യാതിഥിയായിരുന്നു. അതിരാവിലെ 5 മണിക്കു ട്യൂഷ്യനും തുടർന്ന് ക്ലാസ്സുകളിലേക്കും പോകുന്ന കുട്ടികൾക്കു രാവിലത്തെ പ്രഭാതകർമ്മങ്ങൾ നിർവഹിക്കാൻ എവിടെയാണ് സമയമെന്നു വൈസ് ചാൻസലർ ചോദിച്ചു. കുട്ടികളുടെ കഴിവുകേടെന്തെന്ന് രക്ഷിതാക്കൾ നേരത്തെ മനസ്സിലാക്കാൻ ശ്രമിക്കണം. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ലൈജു സി .മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബെന്നി, ഉത്തർപ്രദേശിലെ അഡീഷ്ണൽ പഞ്ചായത്ത് ഡയറക്ടർ രാജേന്ദ്രസിംഗ്, പഞ്ചായത്ത് വകുപ്പിന്റെ കൺസൽട്ടന്റ് സുനിതസിംഗ്എന്നിവർ ആശംസകളർപ്പിച്ചു. ഡോ.പീറ്റർ എം.രാജ് സ്വാഗതവും ഡോ.സണ്ണി ജോർജ് നന്ദിയും പറഞ്ഞു. അനുമോദനങ്ങൾക്കും ആശംസകൾക്കും കില ഡയറക്ടർ ഡോ.പി. പി.ബാലൻ മറുപടി പറഞ്ഞു.

പ്രശസ്ത ചലച്ചിത്രതാരം സുനിൽ സുഖദ കില ദിനം ഉദ്ഘാടനം ചെയ്യുന്നു.

കിലാദിനം ആഘോഷിച്ചു

കിലയുടെ സ്ഥാപകദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. പ്രശസ്ത ചലച്ചിത്രതാരം സുനിൽ സുഖദ ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. ഇന്ത്യൻ ബാങ്ക് തൃശ്ശൂർ ചീഫ് മാനേജർ റോയ് മാത്യു ആശംസകളർപ്പിച്ചു.

സെക്ഷൻ ഓഫീസർ കെ.കെ.ബാബു സ്വാഗതവും പ്രോഗ്രാം കൺവീനർ ഒ.എസ്.മിറാഷ് നന്ദിയും പറഞ്ഞു. കില ജീവനക്കാർ അവതരിപ്പിച്ച തിരുവാതിരക്കളി, ഒപ്പന, ഗ്രൂപ്പ് ഡാൻസ്, തുടങ്ങിയ വിവിധ പരിപാടികൾ ആഘോഷങ്ങൾക്കു മാറ്റു കൂട്ടി.

കൊച്ചിയിൽ നടന്ന ബ്രിക്സ് രാജ്യാന്തരസമ്മേളനത്തിൽ
തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ.കെ.ടി.ജലീൽ സംസാരിക്കുന്നു

കൊച്ചിയിലെ ബ്രിക്സ് അന്തർദേശീയ സമ്മേളനം

ബ്രിക്സി-ന്റെ അദ്ധ്യക്ഷപദവി ഇന്ത്യ ഏറ്റെടുത്തതിനുശേഷം അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട രണ്ടാം അന്തരാഷ്ട്ര സമ്മേളനമാണ് 2016 നവംബർ 3 മുതൽ 5 വരെ കൊച്ചിയിൽ സംഘടിപ്പിച്ചത്.ജനപങ്കാളിത്തത്തോടെ പ്രാദേശിക ബജറ്റ് തയ്യാറാക്കൽ എന്നതായിരുന്നു സമ്മേളനത്തിന്റെ ചർച്ചാവിഷയം. കേന്ദ്ര പഞ്ചായത്ത്രാജ് മന്ത്രാലയം സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച സമ്മേളനം കേന്ദ്ര പഞ്ചായത്ത് രാജ്-ഗ്രാമവികസനവകുപ്പുമന്ത്രി നരേന്ദ്രസിംഗ് തോമർ ഉദ്ഘാടനം ചെയ്തു. കേന്ദ്ര പഞ്ചായത്ത് രാജ് സഹമന്ത്രി പർഷോതാം ഭായ് രൂപാല അദ്ധ്യക്ഷനായിരുന്നു. പാർലിമെന്റംഗമായ വിനയ്സഹസ്രബുദ്ധെ മുഖ്യപ്രഭാഷണം നടത്തി. തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി കെ.ടി.ജലീൽ, രാജസ്ഥാനിലെ പഞ്ചായത്ത് രാജ് വകുപ്പുമന്തി സുരേന്ദ്ര ഗോയൽ, മധ്യപ്രദേശിൽനിന്നുള്ള മന്ത്രി ഗോപാൽ ഭാർഗവ എന്നിവർ സംസാരിച്ചു. കേന്ദ്ര പഞ്ചായത്ത് രാജ് സെക്രട്ടറി ജെ.എസ്.മാത്തൂർ സ്വാഗതവും അഡീഷ്ണൽ സെക്രട്ടറി എ.കെ.ഗോയൽ നന്ദിയും പറഞ്ഞു.

ജനപങ്കാളിത്ത ആസൂത്രണം-ബജറ്റ് തയ്യാറാക്കൽ എന്നീ വിഷയങ്ങളിൽ ബ്രിക്സ് രാജ്യങ്ങളിലെ അനുഭവങ്ങൾ, ഘടന, പ്രക്രിയ, ഈ മേഖലയിലെ നേട്ടങ്ങൾ, വെല്ലുവിളികൾ, മാതൃകാപരമായ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചുള്ള അറിവ് പങ്കിടുന്നതിനുള്ള വേദിയായിരുന്നു സമ്മേളനം. പങ്കാളിത്ത പ്രാദേശിക ബജറ്റ് തയ്യാറാക്കൽ, അധികാരവികേന്ദ്രീകരണവും, സാമ്പത്തിക വികസനവും, മാനുഷ്യവികസനവും, സാമൂഹ്യവികസനവും എന്നീ മേഖലകളിലെ നൂതനവും മാതൃകാപരവുമായ പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളെ സംബന്ധിച്ചുള്ള അവതരണങ്ങളും ചർച്ചകളും നടന്നു. ബ്രിക്സ് അംഗരാജ്യങ്ങളായ ഇന്ത്യ, ബ്രസീൽ, റഷ്യ, ചൈന, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിൽ നിന്നുള്ള മന്ത്രിമാർ, ജനപ്രതിനിധികൾ, വിദഗ്ധർ, ഉദ്യോഗസ്ഥർ, ഗവേഷകർ എന്നിവരാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

സമാപനസമ്മേളനത്തിൽ കേന്ദ്രമന്ത്രി നരേന്ദ്രസിംഗ്തോമർ അദ്ധ്യക്ഷനായിരുന്നു. കേന്ദ്ര പഞ്ചായത്ത് രാജ് സഹമന്ത്രി പർഷോതാം ഭായ് രൂപാല സംസ്ഥാന ധനകാര്യവകുപ്പുമന്ത്രി ഡോ.തോമസ് ഐസക്, മധ്യപ്രദേശ് ധനകാര്യമന്ത്രി ജയന്ത് മല്ലയ്യ എന്നിവർ സംസാരിച്ചു. പഞ്ചായത്ത് രാജ് സെക്രട്ടറി ജെ.എസ് മാത്തൂർ സ്വാഗതം പറഞ്ഞു. അഡീഷ്ണൽ സെക്രട്ടറി എ.കെ.ഗോയൽ റിപ്പോർട്ടവതരിപ്പിച്ചു.

സമ്മേളനത്തിനെത്തിയ പ്രതിനിധികൾ വിവിധ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും സന്ദർശിച്ച് അവിടത്തെ പങ്കാളിത്ത ആസൂത്രണം, ബജറ്റ് തയ്യാറാക്കൽ പ്രക്രിയകളെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയുണ്ടായി. ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിന്റെ പ്രധാന ഘട്ടങ്ങൾ, സസ്ഥാനങ്ങളിലെ പ്രവർത്തനങ്ങൾ, മികച്ച മാതൃകകൾ എന്നിവ സംബന്ധിച്ച പ്രദർശനവും സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിരുന്നു.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനാണ് (കില) സമ്മേളത്തിന്റെ സംഘാടന ചുമതല നിർവ്വഹിച്ചത്.

കിലയിലെ രാജ്യാന്തരസമ്മേളനത്തിനെത്തിയ വിദേശപ്രതിനിധികളുമായി മന്ത്രി ഡോ.ജലീൽ ഉഭയകക്ഷി ചർച്ച നടത്തുന്നു

കിലയിൽ നടന്ന രാജ്യാന്തര സമ്മേളനത്തോടുനുബന്ധിച്ച് കോമൺവെൽത്ത് ലോക്കൽ ഗവർമ്മെണ്ട് ഫോറം സംഘടിപ്പിച്ച പുരസ്കാരദാനച്ചടങ്ങിൽ മന്ത്രി ഡോ.തോമസ് ഐസക്ക് സംസാരിക്കുന്നു

കില രാജ്യാന്തര പ്രശസ്തിയിൽ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും പരിശീലനം നൽകുന്നതിനുള്ള കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ)യുടെ പ്രശസ്തി രാജ്യാന്തരതലത്തിലെത്തി. കേരളത്തിനു പുറമെ മറ്റു സംസ്ഥാനങ്ങളിലേക്കുകൂടി കിലയുടെ പരിശീലനപരിപാടി വ്യാപിച്ചു. ബംഗ്ലാദേശ്, ശ്രീലങ്ക, തുടങ്ങിയ അയൽ രാജ്യങ്ങളിൽ അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും നടപ്പാക്കുന്നതിനു കില സഹായിച്ചുവരുന്നു.കിലയുടെ സേവനങ്ങൾ പരിഗണിച്ച് ബംഗ്ലാംദേശും ശ്രീലങ്കയും പുരസ്കാരങ്ങൾ നൽകി ആദരിച്ചതും ഈ വർഷം തന്നെയായിരുന്നു.

കില 25 വർഷം പിന്നിട്ട വർഷത്തിലാണ് അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കില അഞ്ചാമതു രാജ്യാന്തര സമ്മേളനം സംഘടിപ്പിക്കുന്നത്.നവംബർ 19 മുതൽ 22 വരെ നീണ്ടുനിന്ന സമ്മേളനത്തിൽ മന്ത്രിമാരുൾപ്പെടെ വിദേശരാഷ്ട്രങ്ങളിൽനിന്ന് 40 പ്രതിനിധികളാണ് പങ്കെടുത്തത്. കേരളത്തിൽനിന്നം മറ്റു സംസ്ഥാനങ്ങളിൽനിന്നുമായി 260 ലേറെ പ്രതിനിധികൾ വേറേയും. അധികാരവികേന്ദ്രീകരണത്തോടൊപ്പം പാർശ്വവൽക്കരണവും ദാരിദ്ര്യവും സമ്മേളനം ചർച്ച ചെയ്തു.

19 നു രാവിലെ കില സ്വരാജ് ഓഡിറ്റോറിയത്തിൽ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ.കെ.ടി.ജലീലാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. അനിൽ അക്കര എം.എൽ.എ അദ്ധ്യക്ഷതവഹിച്ചു. ബംഗ്ലാദേശ് തദ്ദേശഗ്രാമവികസന-സഹകരണ വകുപ്പുമന്ത്രി ഖണ്ടേക്കർ മൊഷറഫ് ഹൊസയിൻ, ശ്രീലങ്കയിലെ തദ്ദേശഭരണവകുപ്പു സെക്രട്ടറി കമാൽ പത്മശ്രീ, ലണ്ടനിലെ കോമൺവെൽത്ത് ലോക്കൽ ഗവർമ്മെണ്ട് ഫോറം സെക്രട്ടറി ജനറൽ ഡോ. ഗ്രെഗ് മാനോർ, സിർഡാപിന്റെ ഡയറക്ടർ ജനറൽ തവിത ജി.ബി.ടി, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ, മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബെന്നി, കില ഡയറക്ടർ ഡോ.പി.പി.ബാലൻ, ഡോ. സണ്ണി ജോർജ് തുടങ്ങിയവർ സംസാരിച്ചു. സംസ്ഥാന ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദും ഉദ്ഘാടനച്ചടങ്ങിൽ സംബന്ധിച്ചിരുന്നു.ജനപ്രതിനിധികൾക്കായി കില ആരംഭിക്കുന്ന പി.ജി.ഡിപ്ലോമാ കോഴ്സിന്റെ ഉദ്ഘാടനം യൂണിസെഫ് ചെന്നൈ യൂണിറ്റിലെ ജോബ് സഖറിയാ നിർവഹിച്ചു.ബാലസൗഹൃദമാക്കുകയെന്നതാണ് കോഴ്സിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെ പഠിതാക്കൾ അതതു തദ്ദേശഭരണസ്ഥാപനങ്ങളിൽ ഗ്രാമതല/നഗരതല പ്രവർത്തനത്തിനു ബാദ്ധ്യസ്ഥരുമാണ്.

ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭ-കോർപ്പറേഷനുകളിലേയും ജനപ്രതിനിധികൾക്കാണ് കോഴ്സിൽ പങ്കെടുക്കാനർഹത.അംഗീകൃത സർവകലാശാലയിൽനിന്നുള്ള ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് കുറഞ്ഞ യോഗ്യത.ബാലാവകാശം,അന്തർദേശീയ-ദേശീയ സംരക്ഷണനിയമങ്ങൾ, ബാലസൗഹൃദഭരണം, ബാലസൗഹൃദ പ്രാദേശിക ആസൂത്രണം തുടങ്ങിയ വിഷയങ്ങൾ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സമ്മേളനത്തിന്റെ ഭാഗമായുള്ള പ്രദർശനത്തിന്റെ ഉദ്ഘാടനവും മന്ത്രി ജലീലാണ് നിർവഹിച്ചത്.

അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനു നൽകിവരുന്ന സേവനങ്ങളെ പരിഗണിച്ചു മന്ത്രി ഡോ.തോമസ് ഐസക്കിനും കില ഡയറക്ടർ ഡോ.പി.പി.ബാലനും കോമൺവെൽത്ത് ലോക്കൽ ഗവർമ്മെണ്ട് ഫോറം പ്രഖ്യാപിച്ച പുരസ്കാരങ്ങൾ സമ്മേളനവേദിയിൽ സമ്മാനിച്ചു. ചടങ്ങിൽ സിർഡാപിന്റെ(സെന്റർ ഓൺ ഇന്റഗ്രേറ്റ് റൂറൽ ഡെവലപ്മെന്റ് ഫോർ ഏഷ്യ ആന്റ് ദി പെസഫിക്ക്) ഡയറക്ടർ ജനറൽ തവിത ജി.ബി. അദ്ധ്യക്ഷത വഹിച്ചു. കോമൺ വെൽത്ത് ലോക്കൽ ഗവർമ്മെണ്ട് ഫോറം സെക്രട്ടറി ജനറൽ ഡോ.ഗ്രെഗ് മുൻറോ ഡോ. തോമസ് ഐസക്കിനും ഡോ.ബാലനും അവാർഡുകൾ സമ്മാനിച്ചു. ശ്രീലങ്കയിലെ ലോക്കൽ ഗവർമ്മെണ്ട് സെക്രട്ടി കമാൽ പത്മശ്രി, കില ഡയറക്ടർ ഡോ.ബാലൻ, ഡോ.മീനാക്ഷിസുന്ദരം, ഡോ.സണ്ണി ജോർജ് തുടങ്ങിയവർ സംസാരിച്ചു.

മഴക്കുറവും കറൻസി ക്ഷാമവും മൂലമുണ്ടായ പ്രതികൂല സാഹചര്യങ്ങളെ നേരിടുന്നതിനു ദീർഘവീക്ഷണത്തോടെയുള്ള പരിപാടികൾ ആവിഷ്ക്കരിക്കണമെന്നു പുരസ്കാരദാനച്ചടങ്ങിൽ കേരളത്തിലെ അനുഭവപാഠങ്ങളെക്കുറിച്ച് സംസാരിക്കവേ ധനകാര്യമന്ത്രി ഡോ.തോമസ് ഐസക് പറഞ്ഞു. കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനും മാലിന്യനിർമ്മാർജനത്തിനു ശാശ്വത പരിഹാരം കാണാനും അഞ്ചുലക്ഷംപേർക്കു പാർപ്പിടസൗകര്യമൊരുക്കാനും ഗ്രാമീണജനവിഭാഗങ്ങളുടെ മക്കൾക്കു പൊതുവിദ്യാഭ്യാസസൗകര്യമേർപ്പെടുത്താനും മെച്ചപ്പെട്ട ആരോഗ്യപരിപാലനത്തിനുമാണ് നവകേരളമിഷൻ പ്രവർത്തനം തുടങ്ങിയത്. ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ അവിടെനിന്നുള്ള വിഭവങ്ങൾ കൂടി ഉപയോഗപ്പെടുത്തി പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

രണ്ടാംദിവസം സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സെമിനാറുകളിൽ പാർശ്വവൽക്കരണവും അധികാരവികേന്ദ്രീകരണവും തദ്ദേശസ്ഥാപനങ്ങൾ നടപ്പിലാക്കിയ മികച്ച മാതൃകാപദ്ധതികൾ എന്നിവയെക്കുറിച്ചു ചർച്ചചെയ്തു. മികച്ച മാതൃകാപദ്ധതികളെക്കുറിച്ചുള്ള സെമിനാറിൽ

രാജ്യാന്തരസമ്മേളനത്തോടനുബന്ധിച്ചുള്ള പ്രദർശം മന്ത്രി ഡോ.ജലീൽ ഉദ്ഘാടനം ചെയ്യുന്നു

മികച്ച മാതൃകാപദ്ധതികളെക്കുറിച്ചു നടന്ന സെമിനാറിൽ അദ്ധ്യക്ഷത വഹിച്ച് ജെയിംസ് മാത്യു എം.എൽ.എ സംസാരിക്കുന്നു

സമാപനച്ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത കെനിയൻ പാർലമെന്റംഗം മൊയിതലേൽ ഒലെ കെന്റാ സംസാരിക്കുന്നു

അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനു നൽകിവരുന്ന സേവനങ്ങളെ പരിഗണിച്ചു
മന്ത്രി തോമസ് ഐസക്കിനും കില ഡയറക്ടർ ഡോ.പി.പി.ബാലനും കോമൺവെൽത്ത് ലോക്കൽ ഗവർമ്മെണ്ട്
ഫോറം സെക്രട്ടറി ജനറൽ ഡോ.ഗ്രെഗ് മുൻറോ പുരസ്കാരങ്ങൾ സമ്മാനിക്കുന്നു

ജെയിംസ് മാത്യു എം.എൽ.എ അദ്ധ്യക്ഷനായിരുന്നു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ ആമുഖപ്രഭാഷണം നടത്തി.ബംഗ്ലാദേശിലെ ലോക്കൽ ഗവർമ്മെണ്ട് ഡയറക്ടർ സൈനുൾ ഹക്ക് മോഡറേറ്ററായിരുന്നു.തളിപ്പറമ്പ് നിയമസഭാമണ്ഡലത്തിലെ സമഗ്രവിദ്യാഭ്യാസ വികസനപദ്ധതി, ആലപ്പുഴ നഗരസഭയിലെ മാലിന്യസംസ്കരണ പദ്ധതി, മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ സംയോജിത പട്ടിക വർഗ്ഗ വികസനപരിപാടി എന്നീ വിഷയങ്ങളെക്കുറിച്ചായിരുന്നു അവതരണം. മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീന വിജയൻ, ആലപ്പുഴ നഗരസഭയിലെ അഡ്വ, മനോജ്, കെ.ടി.രാജേഷ് (തളിപ്പറമ്പ്) എന്നിവർ സംബന്ധിച്ചു.

അധികാരവികേന്ദ്രീകരണവും പാർശ്വവൽക്കരണവും എന്ന സെമിനാറിൽ ഇന്റർ നാഷണൽ സോഷ്യോളജിക്കൽ അസോസിയേഷൻ പ്രതിനിധി ഡോ.ഹർജിത് എസ്.ആനന്ദ് അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ.മൈക്കൽ വില്ലറ്റ് (ഫ്രാൻസ്),പ്രൊഫ.ദയാപതി റാവു(ബർധാൻ യൂണിവേഴ്സിറ്റി),പ്രൊഫ.മൻവീർ കൗർ(ഹരിയാന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ) എന്നിവർ വിഷയവതരണം നടത്തി. തുടർന്നു നടന്ന പാനൽ ചർച്ചയിൽ മീനാക്ഷി സുന്ദരം, എം.എൻ.റോയ്, ആദിവാസി-ഗോത്ര സഭ നേതാവ് എം.ഗീതാനന്ദൻ എന്നിവർ സംസാരിച്ചു.

തിങ്കളാഴ്ച ഉച്ചതിരിഞ്ഞ് പ്രതിനിധികൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.അവണൂർ, പാണഞ്ചേരി, മാടക്കത്തറ, കോലഴി, വെങ്കിടങ്ങ്, കൊണ്ടാഴി, എളവള്ളി പഞ്ചായത്തുകളാണ് സംഘം സന്ദർശിച്ചത്.

രാജ്യാന്തരസമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ വിദേശ പ്രതിനിധികളുമായി മന്ത്രി ഡോ.കെ.ടി.ജലീൽ പ്രത്യേക ഉഭയകക്ഷി ചർച്ച നടത്തുകയുണ്ടായി. കേരളത്തിലെ പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ചും ബംഗ്ലാദേശിലെ മൈക്രോസംരഭങ്ങളെക്കുറിച്ചും പഠിക്കുന്നതിനു അവസരമൊരുക്കാൻ ഈ കൂടിക്കാഴ്ചയിൽ ധാരണയായി. ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ്,കില ഡയറക്ടർ ഡോ. പി. പി. ബാലൻ, സിർഡാപ് ഡയറക്ടർ ജനറൽ, കോമൺവെൽത്ത ലോക്കൽ ഗവർമ്മെണ്ട് ഫോറം സെക്രട്ടറി ജനറൽ തുടങ്ങിയവർ സംബന്ധിച്ചു.

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ നൽകുന്ന അനുഭവങ്ങളിൽനിന്നു പാഠങ്ങൾ ഉൾക്കൊണ്ട് വെല്ലുവിളികളെ അതിജീവിക്കാൻ കഴിയണമെന്നു സമ്മേളനത്തിൽ വിഷയാവതരണം നടത്തിയ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് പറഞ്ഞു.വികേന്ദ്രീകൃതാസൂത്രണം ഇന്ത്യയിലും കേരളത്തിലും പൊതുസമൂഹത്തിനു ഗുണപരമായ മാറ്റങ്ങളുണ്ടാക്കി. എന്നാൽ വെല്ലുവിളികൾ ഇപ്പോഴും അവശേഷിക്കുന്നു.ആദിവാസിമേഖലയിൽ ലക്ഷ്യമിട്ട ഗുണഫലങ്ങൾ ഇതുവരെ ഉറപ്പാക്കാൻ കഴിയാത്തതു വെല്ലുവിളിയാണെന്നും അദ്ദേഹം പറഞ്ഞു.

സമാപനദിവസം രാവിലെ നടന്ന സെഷനിൽ വിവിധ ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ച ഗ്രൂപ്പുകളുടെ പ്രതിനിധികൾ തങ്ങളുടെ അനുഭവങ്ങൾ വിവരിച്ചു. ഡോ.ജോയ് ഇളമൺ അദ്ധ്യക്ഷത വഹിച്ചു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് തുളസിഭായ് സംസാരിച്ചു.

സമാപനച്ചടങ്ങിൽ ലോക്കൽ ഗവർമ്മെണ്ട് കമ്മീഷൻ ചെയർമാൻ സി.പി.വിനോദ് അദ്ധ്യക്ഷനായിരന്നു. കെനിയൻ പാർലമെന്റംഗം മൊയിതലേൽ ഒലെ കെന്റാ മുഖ്യാതിഥിയായിരുന്നു. ബംഗ്ലാദേശിലെ അക്കാദമി ഓഫ് റൂറൽ ഡെവ്‌ലപ്മെന്റിലെ ഡയറക്ടർ ജനറലും അഡീഷ്ണൽ സെക്രട്ടറിയുമായ സലാഹുദ്ദീൻ മെഹമുദ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ആർ. സുഭാഷ്, പ്രൊഫ.ജോൺ കട്ടക്കയം, കില ഡയറക്ടർ ഡോ.പി.പി.ബാലൻ, ഡോ.സണ്ണി ജോർജ് എന്നിവർ സംസാരിച്ചു. കിലയുടെ 25 വർഷത്തെ ചരിത്രം രേഖപ്പെടുത്തുന്ന പുസ്തകം മിച്ചൽ വില്ലറ്റെ (ഫ്രാൻസ്)യും ഡോ. പി.പി.ബാലൻ, ഡോ.സണ്ണി ജോർജ്, പ്രൊഫ. ടി.പി.കുഞ്ഞിക്കണ്ണൻ എന്നിവർ സംയുക്തമായി തയ്യാറാക്കിയ അവകാശാധിഷ്ഠിത വികസനം എന്ന പുസ്തകം സോൽവെ സന്താക്കറും (നോർവെ) പ്രകാശനം ചെയ്തു. ഇന്ത്യയിലെ വടക്കുപടിഞ്ഞാറൻ നഗരവികസനത്തെക്കുറിച്ച് മനോജ്കുമാർ ടിയോട്ടിയ എഴുതിയ പുസ്തകവും പൈതൃകസംരക്ഷണത്തെക്കുറിച്ച് കില തയ്യാറാക്കിയ കൈപ്പുസ്കവും പ്രകാശനം ചെയ്തു.

വിവിധ സെഷനുകളിലായി 160 ൽ പരം പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പ്രാദേശികാസൂത്രണത്തിലും അധികാരവികേന്ദ്രീകരണരംഗത്തും പ്രാഗൽഭ്യം തെളിയിച്ച പ്രമുഖർ സംബന്ധിച്ചു. പഞ്ചായത്ത് രാജ് സംവിധാനവുമായി ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധർ,ജനപ്രതിനിധികൾ, സന്നദ്ധസംഘടനാപ്രതിനിധികൾ, ഗവേഷകർ, പരിശീലനസ്ഥാപനങ്ങളിലെ പ്രതിനിധികൾ, ഗവേഷണവിദ്യാർത്ഥികൾ, സർവകലാശാല പ്രതിനിധികൾ എന്നിവരാണ് നാലു ദിവസത്തെ സമ്മേളനത്തിൽ പങ്കെടുത്തത്.കെനിയ, ശ്രീലങ്ക, ഭൂട്ടാൻ, ബ്രസീൽ,ഫ്രാൻസ്,ബംഗ്ലാദേശ്, ഫിജി, റഷ്യ, നോർവെ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽനിന്നെത്തിയ പ്രതിനിധികളെ കില ഉപഹാരം നൽകി ആദരിച്ചു.കേരള ഫോക്ക്‌ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ നാടൻ കലാരൂപങ്ങളുടെ അവതരണവും നാടൻ പാട്ടും, പറവൂരിലെ കെ.സി.സ്മാരക വാദ്യകലാകേന്ദ്രത്തിലെ വനിതകളുടെ ശിങ്കാരിമേളവും ഉണ്ടായിരുന്നു.

വിയെസ്

നാടൻ പാട്ടിനൊപ്പം നൃത്തം ചെയ്യുന്ന പ്രതിനിധികൾ

ചോദ്യങ്ങൾക്കു മറുപടി

? പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കു 16 ലക്ഷം രൂപ മുടക്കി വസ്തു വാങ്ങാൻ ഉദ്ദേശിക്കുന്നു. എന്തു നടപടിയാണ് സ്വീകരിക്കേണ്ടത്?

● പഞ്ചായത്തിന്റെ ആവശ്യത്തിനു ഭൂമി വാങ്ങുന്നതിനു തൽസമയം പ്രാബല്യത്തിലുള്ള ഭൂമി വിലയ്ക്കെടുക്കൽ ആക്ടും അതിനു കീഴിലുണ്ടാക്കിയ ചട്ടങ്ങളും പ്രകാരമോ സ്വകാര്യവിലയ്ക്കു വാങ്ങൽ മുഖാന്തിരമോ അല്ലെങ്കിൽ സൗജന്യമായ വിട്ടുകൊടുക്കൽ മുഖാന്തിരമോ ആയി എടുക്കാം. നിങ്ങൾ വില കൊടുത്തു വാങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നതെങ്കിൽ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും ചട്ടങ്ങൾ പ്രകാരമുള്ള നടപടികളിലൂടെ വാങ്ങാവുന്നതാണ്. (2005-ലെ കേ.പ.രാ.(വസ്തു ആർജിക്കൽ കയ്യൊഴിക്കൽ) ചട്ടങ്ങൾ സെക്ഷൻ 3,4 കാണുക)

? കാർഷികവികസനപദ്ധതിയുടെ ഭാഗമായി 10 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങണം. എങ്ങനെയാണ് വാങ്ങേണ്ടത്?

● പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടു വാങ്ങാം. ടെണ്ടർ ചെയ്തു വാങ്ങുമ്പോൾ 5 ലക്ഷത്തിൽ കൂടുതൽ വരുന്നതിനാൽ ഇ.ടെണ്ടർ നടപടികൾ സ്വീകരിക്കുക.20.8.2016 ലെ ജി.ഒ.(ആർ.ടി)2487/2016/എൽ.എസ്.ജി.ഡി) ഉത്തരവുപ്രകാരം പുറത്തിറക്കിയ പ്രൊക്യൂർമെന്റ് മാനുവൽ കാണുക.

? പദ്ധതി ആനുകൂല്യങ്ങൾ നൽകുന്നതിനു പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കുടുംബവാർഷികവരുമാനം എത്രയാണ്?

● പദ്ധതിയുടെ ആനുകൂല്യങ്ങൾ നൽകുന്നതിനു പട്ടികവർഗ്ഗവിഭാഗങ്ങൾക്കു വരുമാന പരിധി ബാധകമല്ല.(സ.ഉ.(സാധാ)2559/2016 ത സ്വ ഭ വ.തീയതി.28.10.2016)

? ഭവനനിർമ്മാണപദ്ധതിയിൽ പെടുത്തി ആനുകൂല്യം നൽകുന്നതിനു പട്ടികജാതി വിഭാഗക്കാർക്കും പൊതുവിഭാഗത്തിലുള്ളവർക്കും കുടുംബവാർഷികവരുമാനം 50,000/-രൂപയിൽ കവിയരുതെന്നു പറയുന്നു. ഇതിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ?

● ഭവനനിർമ്മാണപദ്ധതിയിൽ പെടുത്തി ആനുകൂല്യം നൽകുന്നതിനു കുടുംബവാർഷികവരുമാനപരിധി പൊതുവിഭാഗത്തിനു 50,000/- രൂപയാണ്.എന്നാൽ പട്ടികജാതി വിഭാഗക്കാർക്കു വരുമാനപരിധി ബാധകമല്ല. (സ.ഉ.(സാധാ)2870/2016 ത സ്വ ഭ വ.1410.2016)

? പദ്ധതിപ്രവർത്തനങ്ങളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവഹണം നടത്തുന്നതും സാങ്കേതികാനുമതി നൽകുന്നതും ഒരേ ഉദ്യോഗസ്ഥനാകാമോ?

● മരാമത്തു പ്രവർത്തികളുടെ സാങ്കേതികാനുമതി മാർഗ്ഗരേഖയിലെ 14.5.6 ഖണ്ഡിക പ്രകാരമാണ് നൽകേണ്ടത്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥനായിരിക്കുന്ന ആളുടെ മേലുദ്യോഗസ്ഥനാണ് സാങ്കേതികാനുമതി നൽകേണ്ടത്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും സാങ്കേതികാനുമതി നൽകുന്നതും ഒരേ ഉദ്യോഗസ്ഥനായിരിക്കരുത്.(സ.ഉ.(സാധാ)2991/2016/ത സ്വ ഭ വ.2.11.2016)

? ബി.പി.എൽ സാക്ഷ്യപത്രം നൽകാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അധികാരപ്പെടുത്തിയെന്നു പറയുന്നതു ശരിയാണോ?

● ശരിയാണ്.നിലവിലുള്ള ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത എന്നാൽ പട്ടികയിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്കു കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന വിവിധ ക്ഷേമപ്രവർത്തനങ്ങൾ/ആനുകൂല്യങ്ങൾ/ചികിത്സാ/വിദ്യാഭ്യാസസംബന്ധമായ ആനുകൂല്യങ്ങൾ എന്നിവയ്ക്കു ബി.പി.എൽ. സർട്ടിഫിക്കററു നൽകാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ കൂടി ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.(സ.ഉ.(സാധാ) 2867/16/ത സ്വ ഭ വ.തീയതി.13.10.2016)

? ചെറുകിട വ്യവസായശാലകൾക്കു പ്രത്യേക വസ്തുനികുതി നിശ്ചയിച്ചുകൊണ്ട് 2015 ൽ ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ?

● ഉണ്ട്.14.2.2015 ലെ സ.ഉ.(സാധ)36/2015/. നമ്പർ ഉത്തരവുപ്രകാരം മൈക്രോ ആന്റ് മീഡിയ എന്റർ പ്രൈസസ് ഡെവലപ്മെന്റ് ആക്ട് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായയൂണിറ്റുകൾക്കു വസ്തുനികുതിയായി ചതുരശ്ര മീറ്ററിനു ചുരുങ്ങിയതു 15 രൂപയും പരാമാവധി 25 രൂപയുമായി നിശ്ചയിച്ചിട്ടുണ്ട്.

? വ്യക്തിഗത ഗുണഭോക്താക്കൾക്കുവേണ്ടിയുള്ള വാങ്ങലുകൾ നിർബന്ധമായും ബെനിഫിഷ്യറി പർച്ചേയ്സ് കമ്മിറ്റി മുഖേനയാണോ നടത്തേണ്ടത്?

● കന്നുകാലികൾ, പക്ഷിവർഗ്ഗങ്ങൾ, മത്സ്യക്കുഞ്ഞുങ്ങൾ എന്നിവ നിർബന്ധമായും ബെനിഫിഷ്യറി കമ്മിറ്റി മുഖേനയാണ് വാങ്ങേണ്ടത്. മറ്റു ഇനങ്ങളും ഈ കമ്മിറ്റി മുഖേന വാങ്ങാവുന്നതാണ്. (ഖ1.73 പ്രൊക്യൂർമെന്റ് മാന്വൽ)

? അംഗപരിമിതർക്കു പെട്ടിക്കട എന്ന പ്രോജക്ടിനു ജില്ലാ ആസൂത്രണസമിതി അംഗീകരം നൽകിയില്ല.എന്തു ചെയ്യും?

● തദ്ദേശസ്വയംഭരണവകുപ്പു സെക്രട്ടറിക്കു അപ്പീൽ നൽകുക.(ആസൂത്രണമാർഗ്ഗരേഖ.ഖ.16.2)

? ബിൽഡിംഗ് പെർമിറ്റ് ആവശ്യമില്ലാത്ത 100 ചതുരശ്ര മീറ്ററിൽ കുറവുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനു എൻ.ഒ.സി നൽകുന്നതിനു സേവനസമയപരിധി എത്രയാണ്?

● കെട്ടിടനിർമ്മാണ ചട്ടപ്രകാരം എൻ.ഒ.സി.നൽകാൻ പ്രത്യേക വ്യവസ്ഥയില്ല. എന്നിരുന്നാലും ബാങ്ക് വായ്പ മുതലായ ആവശ്യങ്ങൾക്കു എൻ.ഒ.സി ആവശ്യമായി വരും. ആകയാൽ ചട്ടം 133 പ്രകാരം അറിയിപ്പു ലഭിച്ചശേഷം തടസ്സങ്ങളെന്തെങ്കിലുമുണ്ടായാൽ ആയതു അറിയിച്ചുകൊടുക്കാൻ അനുവദിച്ച സമയപരിധിയായ 10 ദിവസത്തിനുള്ളിൽ തന്നെ എൻ.ഒ.സി. അറിയിക്കാവുന്നതാണ്.

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക.
കില ഹെൽപ്ഡെസ്ക്.
ഫോൺ നമ്പർ-0487 2204097

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം

സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായത്തിനു അപേക്ഷ സമർപ്പി സമർപ്പിക്കുന്നതിനു കാലതാമസം നേരിട്ടാൽ അതു മാപ്പാക്കി വിവാഹധനസഹായം അനുവദിക്കുന്നതിനുള്ള അധികാരം ജില്ലാ കലക്ടർമാർക്കായിരുന്നു. എന്നാൽ വിവാഹം കഴിഞ്ഞ തീയിതി മുതൽ ഒരു വർഷത്തിനകം സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം വന്നാൽ അതു മാപ്പാക്കുന്നതിനുള്ള അധികാരം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കു നൽകി ഉത്തരവായി.(സ.ഉ.(എം.എസ്)41/2016 സാ.നീ.വ. തീയതി.5.8.2016)

ഉത്തർപ്രദേശിൽനിന്നെത്തിയ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും
കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി

പങ്കാളിത്ത ആസൂത്രണം പഠിക്കാൻ യു.പി.സംഘം കിലയിൽ

അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ചും പഠിക്കുന്നതിനു ഉത്തർപ്രദേശിൽനിന്നുള്ള ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥന്മാരുടേയും സംഘം കിലയിലെത്തി. യു.പി. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഭയ്കുമാർ സാഹി, പഞ്ചായത്ത് രാജ് അഡീഷ്ണൽ ഡയറക്ടർ രാജേന്ദ്രസിംഗ്, പഞ്ചായത്ത് വകുപ്പിന്റെ സംസ്ഥാന കോർഡിനേറ്റർ സുനിതാ സിംഗ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘത്തിൽ പതിനഞ്ചുപേരുണ്ട്. സംഘാംഗങ്ങൾക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി കില ഡയറക്ടർ ഡോ. പി.പി. ബാലൻ ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ കെ. എം.തോമസ് സംസാരിച്ചു. സി.രാധാകൃഷ്ണൻ, ഡോ. സണ്ണി ജോർജ്, ഡോ.ജെ.ബി.രാജൻ തുടങ്ങിയവരാണ് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന പരിശീലനപരിപാടികൾക്കു നേതൃത്വം നൽകുന്നത്.

യു.പി.യിൽ 58,000 ഗ്രാമപഞ്ചായത്തുകളുണ്ടെങ്കിലും കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ അധികാരങ്ങളോ ചുമതലകളോ ഇല്ല. ഒരു പഞ്ചായത്തിലെ ജനസംഖ്യ 1200 ആണ്. കെട്ടിടനികുതി ഉൾപ്പെടെ മറ്റ് നികുതികളൊന്നുമില്ല. സെക്രട്ടറി മാത്രമാണ് ഏക ഉദ്യോഗസ്ഥൻ. ഓരോ വർഷവും സംസ്ഥാനസർക്കാർ 12 ലക്ഷം രൂപ വീതം ഗ്രാന്റ് നൽകും. തങ്ങൾക്കു കൂടുതൽ അധികാരങ്ങൾ വേണമെന്നും തനതു ഫണ്ടു സ്വരൂപിക്കുന്നതിനു അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്ന സാഹചര്യത്തിലാണ് ഇതേക്കുറിച്ച് കൂടുതലറിയാനും പഠിക്കാനുമായി ഔദ്യോഗിക സംഘം കിലയിലെത്തിയത്.

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ ജില്ലാപഞ്ചായത്ത്, തളിക്കുളം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലും സംഘം സന്ദർശിച്ചു.

തെലുങ്കാനയിലെ പഞ്ചായത്ത് രാജ് വകുപ്പുമന്ത്രി ജെ.കൃഷ്ണറാവു ഗാരുവിന്റെ നേതൃത്വത്തിലുള്ള
ഉന്നതതല സംഘം കില ഡയറക്ടർ ഡോ.പി.പി.ബാലനുമായി ചർച്ച നടത്തുന്നു

തെലുങ്കാനയിലെ മന്ത്രിയും സംഘവും കിലയിൽ

കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ചു പഠിക്കുന്നതിനും നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും തെലുങ്കാനയിലെ പഞ്ചായത്ത് രാജ് വകുപ്പുമന്ത്രി ജെ.കൃഷ്ണറാവു ഗാരുവിന്റെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം കിലയിലെത്തി. പഞ്ചായത്തുവകുപ്പു ഡയറക്ടർ നീതുകുമാരി പ്രസാദ്, ഡെപ്യൂട്ടി കമ്മീഷ്ണർ രാമ റാവു, ജോ.കമ്മീഷ്ണർ ജോൺ വെൽസി തുടങ്ങിയ മുതിർന്ന ഉദ്യോഗസ്ഥരടങ്ങുന്ന സംഘത്തെ കില ഡയറക്ടർ ഡോ. പി.പി.ബാലനും ഫാക്കൽറ്റികളും ചേർന്നു സ്വീകരിച്ചു. കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ചു പ്രൊഫ.ടി.രാഘവനും തദ്ദേശസ്ഥാപനങ്ങളിലെ ധനസ്രോതസ്സുകളെസംബന്ധിച്ചും പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ചും സി.രാധാകൃഷ്ണനും കുടുംബശ്രീയുടെ പ്രവർത്തനങ്ങളെപ്പറ്റി അബ്ദുൾ മജീദും സംസാരിച്ചു. മന്ത്രിയും സംഘവും വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് സന്ദർശിച്ചു അവിടത്തെ വികസനപ്രവർത്തനങ്ങൾ നേരിൽ കണ്ട് വിലയിരുത്തി. സംഘാംഗങ്ങൾ പിന്നീട് എറണാകുളം ജില്ലാപഞ്ചായത്തും പാറക്കടവ് ബ്ലോക്ക് പഞ്ചായത്തും സന്ദർശിച്ചു.

KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)